# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4438

25.10.2016-ൽ മറുപടിയ്ക്ക്

## വിവിധോദ്ദേശ്യ വ്യവസായ സോണുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ബൃഹത്ത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>ബി) വ്യവസായ സോണുകൾക്കുള്ള സ്ഥലം എവിടെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിവരിക്കുമോ; | എ) യും ബി) യും<br>ഉണ്ട്. സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബൃഹത്ത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ കിൻഫ്ര മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. പട്ടാന്നൂർ, കണ്ണൂർ - 500 ഏക്കർ<br>2. പനയത്താൻപറമ്പ്, കണ്ണൂർ - 500 ഏക്കർ<br>3. തൊട്ടുപ്പുഴ, ഇടുക്കി - 900 ഏക്കർ<br>4. മങ്കട, മലപ്പുറം - 700 ഏക്കർ<br>5. വിഴിഞ്ഞം, തിരുവനന്തപുരം - 500 ഏക്കർ<br>6. കാസർഗോഡ് - 500 ഏക്കർ<br>ഇവയിൽ പനയത്താമ്പറമ്പിലെ 500 ഏക്കർ ഭൂമി, തൊട്ടുപുഴയിൽ 900 ഏക്കർ ഭൂമി, മങ്കടയിൽ 690 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. പട്ടാന്നൂരിൽ 500 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർ ഗോഡും പദ്ധതിക്കനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല. |
| സി) ഓരോ വ്യവസായ സോണും തുടങ്ങുന്നതിന് എന്തു തുക ചെലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ? | സി) ഓരോ വ്യവസായ പാർക്കും തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവിനെ സംബന്ധിച്ച് ഭൂമി ഏറ്റെടുക്കുന്ന വേളയിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള DLPC കൂടിക്കഴിഞ്ഞാൽ മാത്രമേ വ്യക്തമായ ഒരു ധാരണ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ